**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **05-10-2021 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ആശ്വാസ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരൻ സർവീസിലിരിക്കെ മരണപ്പെട്ടാൽ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുക ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകാനുള്ള 2011-16 കാലയളവിലെ സർക്കാരിന്റെ തീരുമാനം പിൻവലിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുക ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി 26/12/2012 ൽ മന്ത്രിസഭ തീരുമാനം കൈക്കൊള്ളുകയും ഉത്തരവ് പുറപ്പെടുവിക്കാൻ ധനവകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിനെതുടർന്ന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഇതേ വിഷയം 25/08/2016 ലെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും സഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങുന്ന അടിസ്ഥാന ശമ്പളത്തിന്റെ 30% ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് 31/08/2016 ലെ സ.ഉ.(അ)126/2016പ്രകാരം ഉത്തരവാകുകയും ചെയ്തു. |
| (ബി) | മേൽപറഞ്ഞ പ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയുള്ളവർക്ക് മിനിമം പെൻഷനു തുല്യമായ തുകയോ ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുകയോ ധനസഹായമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | (ബി) | 31/08/2016 ലെ സ.ഉ (അ)126/2016പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങുന്ന അടിസ്ഥാന ശമ്പളത്തിന്റെ 30% ആശ്വാസ ധനസഹായമായി ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതു വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ. (അച്ചടി) നം.126/2016/ധന. തിരുവനന്തപുരം, തീയതി: 31.08.2016

---

പരാമർശം : സ.ഉ.(പി)നം.20/2013/ധന. തീയതി, 07.01.2013.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം 01.04.2013-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം-III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ടി വിഭാഗം ജീവനക്കാർ സർവ്വീസ്സിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കെ.എസ്.ആർ പ്രകാരമുള്ള കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസ്സിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ആനുകൂല്യം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് PFRDA കുടുംബ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു വരെ മാത്രമായിരിക്കും.
2. നിലവിലുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ഈ ആനുകൂല്യം അവകാശികൾക്ക്

തൊഴിൽ ലഭിക്കുന്നതു വരെയും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ ഈ ആനുകൂല്യം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട നിർദ്ദിഷ്ട സമയപരിധി വരെയും മാത്രമേ ലഭ്യമാവുകയുള്ളൂ.

3. ഇതിന് 01.04.2013 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കും.

4. ഈ ആനുകൂല്യം താഴെ പറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാക്രമത്തിൽ അനുവദിക്കുന്നതാണ്.

a. ഭാര്യ/ഭർത്താവിന്

b. 25 വയസ്സിന് താഴെയുള്ള മകൻ/മകൾക്ക്
(വിവാഹിതരാകുന്നത് വരെയോ തൊഴിൽ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ, വയസ്സിന്റെ മുൻഗണനാക്രമത്തിൽ)

c. മരണമടയുന്ന ജീവനക്കാരൻ അവിവാഹിതൻ/ അവിവാഹിതയാണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് (കെ.എസ്സ്.ആർ.ഭാഗം III ചട്ടം 90(6A) ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക അനുസൃതമായി ജീവിതാവസാനം വരെ) നൽകുന്നതാണ്.

ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ഡയറക്ടർ (സർവ്വീസസ്), ഡിപാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 228,തീയതി 25/08/2016 പ്രകാരം)

6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
8. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
9. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
10. എല്ലാ വകുപ്പ് മേധാവികൾക്കും.
11. സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
13. ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/ മഹാത്മാ ഗാന്ധി/കണ്ണൂർ) (ആമുഖ കത്ത് സഹിതം)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം)
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം (ആമുഖ കത്ത് സഹിതം)
23. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
28. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
29. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ

30. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
31. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
32. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
33. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
34. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
35. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
36. സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
37. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**